**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1302** **03-02-2026 - ൽ മറുപടിയ്ക്ക്**

**കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിൽ 2 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തീകരിക്കുന്നതിന്റെ ടെണ്ടർ നടപടിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; അടിയന്തരപ്രാധാന്യമുള്ള ഈ കെട്ടിടനിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ? | (എ) | **നെയ്യാറ്റിൻകര കുളത്തൂർ ഗവ. ഹൈസ്കൂളിന്റെ നിലവിലെ കെട്ടിടം 2016 കാലഘട്ടത്തിൽ പൂർത്തീകരിച്ച ഒരു നില കെട്ടിടമാണ്. 19.12.2023-ലെ സ.ഉ.(സാധാ)നം.8021/2023/GEDN പ്രകാരവും 23.02.2024-ലെ സ.ഉ.(സാധാ)നം.1495/2024/GEDN പ്രകാരവും കുളത്തൂർ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ഒന്നും രണ്ടും നില കെട്ടിട നിർമ്മാണത്തിന്റെ ബാലൻസ് വർക്കിന് 300.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു നില കൂടി ടി കെട്ടിടത്തിന്റെ മുകളിൽ സുരക്ഷിതമായി പണിയാൻ സാധിക്കും എന്ന CET -യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1 കോടി 95 ലക്ഷം രൂപയുടെ (Civil) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.** |

സെക്ഷൻ ഓഫീസർ